**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3088** **25-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള ജില്ലാ ഗുണനിലവാര പരിശോധനാ ലാബിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ചുമതലപ്പെട്ട ജില്ലാ ഗുണനിലവാര പരിശോധനാ ലാബിന്റെ പ്രവർത്തനം സർക്കാർ തലത്തിൽ അവലോകനം ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പ് റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലാബുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അവരുടെ കീഴിലെ ജില്ലകളിലെ പ്രവൃത്തികളുടെ ഗുണനിലവാരം അവലോകനം ചെയ്തു വരുന്നു. കൂടാതെ ഡയറക്ടർ (ഐ& ക്യു.സി) (സൂപ്രണ്ടിംഗ് എഞ്ചിനീയർ), ചീഫ് എഞ്ചിനീയർ (ഡിസൈൻ) എന്നിവർ പ്രത്യേകമായി അവലോകനവും ലാബിന്റെ പരിശോധനകളും നടത്തി വരുന്നു. |
| (ബി) | പ്രസ്തുത ലാബുകളിൽ ലോകോത്തര നിലവാരമുള്ള പരിശോധനാ ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഗുണനിലവാര പരിശോധനാ ലാബുകളിൽ ലോകോത്തര നിലവാരമുള്ള പരിശോധനാ ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കുകയും ആയവ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ആധുനിക പരിശോധന ഉപകരണങ്ങൾ വാങ്ങുന്നതിനാവശ്യമായ തുക അതാത് വർഷം സർക്കാരിൽ നിന്നും ലഭിക്കുന്നുണ്ട്. ഇതിലൂടെ ആധുനിക ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടുതൽ തുക ലഭ്യമാകുന്ന മുറയ്ക്ക് പൂർണ്ണ തോതിലുള്ള ക്വാളിറ്റി കൺട്രോൾ പ്രവർത്തനങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ കഴിയുന്നതാണ്. |
| (സി) | പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച് ലഭിക്കുന്ന പരാതി പരിശോധിക്കുന്നതിനും വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനും മൊബൈൽ ടെസ്റ്റിങ്ങ് ലാബുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; ആയത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച് ലഭിക്കുന്ന പരാതി പരിശോധിക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനും മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ ഒരുക്കേണ്ട നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ മൊബൈൽ ലാബ് സംവിധാനം പ്രവർത്തിച്ച് തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇതര വകുപ്പുകളുടെ ചുമതലയിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാര പരിശോധനകൾ പൊതുമരാമത്ത് വകുപ്പിന്റെ ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങളിൽ നടത്താറുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനകൾ നടത്താനുള്ള സർക്കാർ അനുമതി മാത്രമേ ഇപ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾക്കുള്ളൂ. ആയത് പൊതുമരാമത്ത്ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളതാണ്. |
| (ഇ) | ഗുണനിലവാര പരിശോധനാഫലങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ഇ) | പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഗുണനിലവാര പരിശോധനാ ലാബുകളിൽ IS Code പ്രകാരമുള്ള സമയമെടുത്താണ് അതാത് ടെസ്റ്റുകൾ ചെയ്തു വരുന്നത്. പുതുതായി LIMS (Lab Information Management System) Software ലാബുകളിൽ സജ്ജമാകുന്നതോടു കൂടി കൂടുതൽ വേഗത്തിൽ റിപ്പോർട്ടുകൾ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ